"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

**KSHB Building, ശാന്തി നഗർ, തിരുവനന്തപുരം-1.**

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**

**(നിലവിൽ: സുനിൽ ജേക്കബ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം- ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റവും നിയമനവും - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്:-

പരാമർശം:-1) ജോയിന്റ് ഡയറക്ടറുടെ എ6/30538/13 തീയതി, 31.1.2014 ലെ ഉത്തരവ്.

2) ജോയിന്റ് ഡയറക്ടറുടെ എ6/30538/13 തീയതി, 31.10.2014 ലെ ഉത്തരവ്

3) അഡീഷണൽ ഡയറക്ടറുടെ എ6/30535/13 തീയതി, 01.12.2014 ലെ ഉത്തരവ്.

**ഉത്തരവ് നമ്പർ: എ6/30535/13 തീയതി: 27.04.2015**

പരാമർശം (1) ഉത്തരവ് പ്രകാരം 30 ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് 31.01.2014 തീയതിയായി സ്ഥാനക്കയറ്റം നൽകിയിരുന്നു. ഇതിന് തുടർച്ചയായി 31.10.2014-ന് പരാമർശം (2) പ്രകാരമുള്ള ഉത്തരവിന്റെ തുടർന്നുള്ള ഡിഗ്രി ക്വാട്ട മുതലുള്ള നാല് പേർക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നു. (സർവ്വശ്രീ.എസ്.ആർ.സജീവ് (ഡിഗ്രി), രാജൻ ചെട്ടിയാർ (ജനറൽ) ബി.അരവിന്ദകുമാരി (ജനറൽ) കെ.ശശിധരൻ (ജനറൽ)) ഇതിൽ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ക്രമനമ്പർ 395 ആയ ശ്രീ.പി.കെ.സെബാസ്റ്റ്യനെ ടിയാന്റെ ട്രെയിനിംഗ് സംബന്ധിച്ച വിവരം ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് ശരിയായ രീതിയിൽ ലഭ്യമല്ലാതിരുന്നതിനാൽ സ്ഥാനക്കയറ്റത്തിന് ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ ഇതിന് തുടർച്ചയായി 01.12.2014-ൽ പുതുക്കി നൽകിയ ഉത്തരവിൽ യഥാക്രമം എസ്.ആർ.സജീവ് (ഡിഗ്രി), പി.എ.സെബാസ്റ്റ്യൻ (ജനറൽ), രാജൻ ചെട്ടിയാർ (ജനറൽ), ബി.അരവിന്ദകുമാരി (ജനറൽ), പി.രാജീവ് (ഡിപ്ലോമ) എന്നിവരെ ഉൾപ്പെടുത്തി ഉത്തരവായിരുന്നു. ഇതിൽ കെ.ശശിധരൻ (401) നെ സംബന്ധിച്ച് പരാമർശമൊന്നും ഉണ്ടായിരുന്നില്ല. എന്നുമാത്രമല്ല നാലാമത്തെ ഡിപ്ലോമ ക്വാട്ടയിൽ വരേണ്ടിയിരുന്ന ട്രെയിനിംഗ് പൂർത്തീകരിച്ചിരുന്ന ശ്രീ.എ.നൗഷാദിന് പകരമായാണ് ശ്രീ.പി.രാജീവിനെ പ്രസ്തുത തസ്തികയിലേയ്ക്ക് പരിഗണിച്ചിരുന്നത്.

മേൽവിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള തസ്തികകൾ കൂടി കണക്കാക്കുമ്പോൾ ശ്രീ.എസ്.ആർ.സജീവിന് തുടർച്ചയായി

| സീനിയോരിറ്റി നം. | ഉദ്യോഗസ്ഥന്റെ പേര് | കാറ്റഗറി |
|---|---|---|
| 395 | ശ്രീ.പി.എ.സെബാസ്റ്റ്യൻ | ജനറൽ |
| 396 | ശ്രീ.രാജൻ ചെട്ടിയാർ | ജനറൽ |
| 399 | ശ്രീമതി.അരവിന്ദകുമാരി | ജനറൽ |
| 402 | ശ്രീ.എ.നൗഷാദ് | ഡിപ്ലോമ |
| 401 | ശ്രീ.കെ.ശശിധരൻ | ജനറൽ |
| 404 | ശ്രീ.പി.രാജീവ് | ജനറൽ |
| 405 | ശ്രീ.വി.കെ.സുനിജ | ജനറൽ |
| 406 | ശ്രീ.കെ.മാത്യുജോൺ | ഡിപ്ലോമ |
| 573 | ശ്രീ.കെ.സന്തോഷ്കുമാർ | ഡിഗ്രി |
| 408 | ശ്രീ.സി.എം.ബീരാൻകുഞ്ഞ് | ജനറൽ |
| 409 | ശ്രീ.സി.എസ്.സതീഷ് | ജനറൽ |
| 410 | ശ്രീ.സെബാസ്റ്റ്യൻ ജോസഫ് | ജനറൽ |

എന്നീ ക്രമത്തിലാണ് സ്ഥാനക്കയറ്റം ക്രമീകരിക്കേണ്ടതും നൽകേണ്ടതും എന്ന് കാണുന്നു. നിലവിൽ ഐ.ടി.ഐ പള്ളിക്കത്തോട്-2, ഐ.ടി.ഐ കളമശ്ശേരി-01, ഐ.ടി.ഐ കട്ടപ്പന-01, ഐ.ടി.ഐ കണ്ണൂർ -01, ആർ.ഐ.സെന്റർ തൃശ്ശൂർ-01, ഐ.ടി.ഐ ആറ്റിങ്ങൽ-01 എന്നീ സ്ഥാപനങ്ങളിലായി 07 തുറന്ന ഒഴിവുകൾ ആണുള്ളത്..

പൊതുസ്ഥലംമാറ്റത്തിനുള്ള 23.2.2015-ലെ തീയതിയിലെ സർക്കുലർ നിലവിലുണ്ടെങ്കിലും ശ്രീ.സി.എം.ബീരാൻകുഞ്ഞ് 30.04.2015-ൽ വിരമിക്കുന്നതിനാൽ പൊതുസ്ഥലംമാറ്റ സമയത്ത് ഇപ്പോൾ നൽകുന്ന നിയമനങ്ങൾ പൊതുസ്ഥലംമാറ്റ വ്യവസ്ഥകൾക്കനുസരിച്ച് പുനർനിർണ്ണയിക്കുന്നതാണെന്ന വ്യവസ്ഥയോടെ താഴെപ്പറയുന്നവിധത്തിലുള്ള സ്ഥാനക്കയറ്റങ്ങൾ ജി.ഒ(പി)408/പി.ഡി തീയതി 29.11.1971 ആയി പ്രസിദ്ധീകരിച്ച കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം (3) (1) പ്രകാരവും കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1958, പാർട്ട് രണ്ടിലെ പൊതുചട്ടം 29 (ബി) (1) പ്രകാരവും 16,980-31,360/- രൂപ ശമ്പള സ്കെയിലിൽ താഴെപ്പറഞ്ഞിട്ടുള്ള ഉദ്യോഗസ്ഥരെ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജെ.എ.എ(റ്റി) തസ്തികയിലേയ്ക്ക് താൽക്കാലികമായി സ്ഥാന ക്കയറ്റം നൽകി താഴെപ്പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോ റിറ്റി നം. | പേര് | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | 402 | ശ്രീ.എ.നൗഷാദ് | ഐ.ടി.ഐ കൊല്ലം | ഐ.ടി.ഐ ആറ്റിങ്ങൽ |
| 2 | 405 | ശ്രീമതി.വി.കെ.സുനിജ | ഐ.ടി.ഐ കോഴിക്കോട് | ഐ.ടി.ഐ കണ്ണൂർ |
| 3 | 406 | ശ്രീ.കെ.മാത്യുജോൺ | ഐ.ടി.ഐ ചാലക്കുടി | ആർ.ഐ. സെന്റർ തൃശ്ശൂർ |
| 4 | 573 | ശ്രീ.കെ.സന്തോഷ് കുമാർ | ഐ.ടി.ഐ ഏറ്റുമാനൂർ | ഐ.ടി.ഐ കട്ടപ്പന |
| 5 | 408 | ശ്രീ.സി.എം.ബീരാൻ കുഞ്ഞ് | ഐ.ടി.ഐ കളമശ്ശേരി | ഐ.ടി.ഐ കളമശ്ശേരി |
| 6 | 409 | ശ്രീ.സി.എസ്.സതീഷ് | ഐ.ടി.ഐ കളമശ്ശേരി | ഐ.ടി.ഐ പള്ളിക്കത്തോട് |
| 7 | 410 | ശ്രീ.സെബാസ്റ്റ്യൻ ജോസഫ് | ഐ.ടി.ഐ ചെങ്ങന്നൂർ | ഐ.ടി.ഐ പള്ളിക്കത്തോട് |

ശ്രീ.പി.രാജീവിന്റെയും ശ്രീ.എ.നൗഷാദിന്റെയും കൂടാതെ 20.04.2015 ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകിയിട്ടുള്ള ശ്രീ.സജിമോൻ മുണ്ടാടൻ, ഗ്രൂപ്പ് ഇൻസ്ട്രക്ടർ ഐ.ടി.ഐ ചാലക്കുടി യുടെയും സീനിയോരിറ്റികൾ ഗ്രൂപ്പ് ഇൻസ്ട്രക്ടർ സീനിയോരിറ്റി ലിസ്റ്റിൽ ക്രമീകരിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ എത്രയുംവേഗം അതാത് സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതും ചാർജ്ജ് ഏറ്റെടുത്ത് ടി വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് നിയമനാസൃതമായ യാത്രപ്പടിക്ക് പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ജി.ഒ (പി) നം.145/2006/ഫിൻ തീയതി 25.3.2006 പ്രകാരം സേവനത്തിൽ പ്രവേശിച്ച് മൂന്ന് മാസത്തിനകം ഓപ്ഷൻ നൽകിയിരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

To

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്, ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- 1. വകുപ്പ് വെബ്സൈറ്റ്
2. എ6 (എസ്.എഫ്)